# അക്കാദമിക മാസ്റ്റർ പ്ലാൻ

## GLPS നാട്ടുകൽ



# GLPS - നാട്ടുകൽ - അടിസ്ഥാന വിവരങ്ങൾ

* വിദ്യാലയത്തിന്റെ പേര് :- GLPS നാട്ടുകൽ.
* വിലാസം :- നാട്ടുകൽ - Post 678554, കൊഴിഞ്ഞാമ്പാറ, പാലക്കാട്.
* ഫോൺ :- 04923 273059.
* E-mail :- govtlPsnattukal@gmail.com
* School Code :- 21315
* വിദ്യാഭ്യാസ ഉപജില്ല :- ചിറ്റൂർ
* BRC :- ചിറ്റൂർ
* CRC :- കൊഴിഞ്ഞാമ്പാറ
* ഗ്രാമപഞ്ചായത്ത് :- കൊഴിഞ്ഞാമ്പാറ
* വാർഡ് :- 16
* ജില്ലാപഞ്ചായത്ത് :- പാലക്കാട്
* നിയമസഭാമണ്ഡലം :- ചിറ്റൂർ
* ലോകസഭാമണ്ഡലം :- ആലത്തൂർ
* താലൂക്ക് :- ചിറ്റൂർ
* വില്ലേജ് :- കൊഴിഞ്ഞാമ്പാറ.

2025/

## 1. ആമുഖം

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ ഉൾപ്പെടുന്ന നാട്ടുകൽ എന്ന സ്ഥലത്തെ പ്രധാനപ്പെട്ട ഒരു വിദ്യാലയമാണ് GLPS നാട്ടുകൽ എന്ന വിദ്യാലയം. പ്രീ-പ്രൈമറി മുതൽ 4-ാം ക്ലാസ്സുവരെ വിദ്യാർത്ഥികൾ പഠിക്കുന്നു. തമിഴ് - മലയാളം മീഡിയങ്ങളിലായി ഇവിടെ അദ്ധ്യയനം നടക്കുന്നു. അൻപത്തിഎട്ട് വിദ്യാർത്ഥികൾ വിദ്യാലയത്തിൽ പഠിക്കുന്നു. ഒൻപത് അധ്യാപകരും രണ്ട് അനധ്യാപകരും ഈ വിദ്യാലയത്തിൽ ജോലി ചെയ്യുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും വിദ്യാലയത്തിൽ മികച്ച രീതിയിൽ നടപ്പിലാക്കിവരുന്നുണ്ട്.

## 2. ലക്ഷ്യങ്ങൾ

* മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ ഭരണഘടനാമൂല്യങ്ങൾ ഉൾക്കൊണ്ടുള്ള സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തുന്നു.
* അക്കാദമിക മികവിനായി കുട്ടികൾക്കിണങ്ങുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
* പ്രീ പ്രൈമറി മുതൽ 4-ാം ക്ലാസ്സുവരെ ക്ലാസ് - വിഷയാടിസ്ഥാനത്തിൽ പാഠ്യപദ്ധതിയിൽ നിഷ്കർഷിക്കുന്ന

ശേഷികൾ നേടുന്നതിന് ഊന്നൽ നൽകിയും പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുക.

* പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കുക.

## 3. വിദ്യാലയത്തിന്റെ ലഘുചരിത്രം

പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന GLPS നാട്ടുകൽ എന്ന വിദ്യാലയത്തിന് നിരവധി വർഷത്തെ പാരമ്പര്യം ഉൾക്കൊള്ളുന്നു. 1951 ലാണ് വിദ്യാലയം സ്ഥാപിതമായത്. തമിഴ്-മലയാളം മാധ്യമങ്ങളിൽ ബോധനം നടത്തിവരുന്ന നാട്ടിലെ പ്രധാന വിദ്യാലയമാണിത്. തീർത്തും ഗ്രാമീണ പശ്ചാത്തലത്തിൽ നിലനിൽക്കുന്നതും സാധാരണക്കാരായ ജനങ്ങൾക്ക് ഗുണപ്രദവുമാണ് വിദ്യാലയം ഇതുവരെ പ്രവർത്തിച്ചു വന്നത്.

## 4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്.

ഒരു നാടിനെ സംബന്ധിച്ച് അവിടത്തെ വിദ്യാലയങ്ങൾ എന്നത് വളരെ പ്രധാനപ്പെട്ടതാണ്. നാടിന്റെ നന്മയ്ക്കും, സമൂഹ നന്മയ്ക്കും ഉതകുന്ന തരത്തിൽ ഭാവിയുടെ പൗരന്മാരെ വളർത്തിയെടുക്കുന്നതിൽ വിദ്യാലയങ്ങൾ മികച്ച പങ്ക് വഹിക്കുന്നു. വിദ്യാലയത്തിനകത്തും പുറത്തുമായി കുട്ടികൾക്ക് ലഭിക്കുന്ന അനുഭവങ്ങളുടെ ആകെത്തുകയാണല്ലോ പാഠ്യപദ്ധതി. അത്തരത്തിൽ കുട്ടികളുടെയും സമൂഹത്തിന്റെയും സമഗ്രമായ വികസനം ലക്ഷ്യം വെച്ചുള്ള വിദ്യാഭ്യാസ വകുപ്പിന്റെ സമഗ്ര ഗുണമേന്മാ പദ്ധതിയാണ് ഇപ്പോൾ വിദ്യാലയത്തിൽ നടപ്പിലാക്കി വരുന്നത്.

## 5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

* SRG യോഗം, സ്റ്റാഫ് യോഗം, PTA യോഗം എന്നിവയിലൂടെ അക്കാദമിക മാസ്റ്റർപ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും
* അക്കാദമിക ആവശ്യങ്ങൾക്ക് ക്ലാസ് / വിഷയ അടിസ്ഥാനത്തിൽ പദ്ധതി, ലക്ഷ്യം, പ്രവർത്തനം, എസ്റ്റിമേറ്റ് തുക, പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി കാലയളവ്, എന്നിവ നിശ്ചയിക്കൽ.
* കരട് രൂപരേഖ SRG, SMC, PTA, MPTA, Staff Council എന്നിവർക്ക് മുന്നിൽ അവതരിപ്പിക്കൽ.
* Staff Council ന്റെ നേതൃത്വത്തിൽ ക്രോഡീകരിച്ച് [illegible] [illegible]ിക്കൽ.

2025/7/15

6. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ-നോട്ടത്തിൽ.

* ഇംഗ്ലീഷ് പഠനപരിപോഷണം.
* വായനാ പരിപോഷണം.
* ഗണിതശേഷി വികസനം.
* IT പരിശീലനം.
* കലാ,കായിക, പ്രവൃത്തിപരിചയ പഠനം പരിപോഷ
* പച്ചക്കറിത്തോട്ടം
* ഒന്നാം ക്ലാസ് ഒന്നാംതരം
* കലാകായിക മേള
* പഠനയാത്രകൾ
* ശാസ്ത്രാഭിരുചി വളർത്തൽ
* SRG ശാക്തീകരണം.
* Term മൂല്യനിർണയം, നിരന്തരവിലയിരുത്തൽ.
* ദിനാചരണങ്ങൾ
* പോഷകാഹാര പരിപാടി.

2025

## ആമുഖം

Class - I

ഒന്നാം ക്ലാസ്സിലെ പാഠപുസ്തകം പരിഷ്കരിക്കുകയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്ത ഡയറി രചനോത്സവം, പാട്ടരങ്ങ് എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. ഒന്നാം ക്ലാസ്സിലെ കുട്ടികൾ സ്വതന്ത്രവായനക്കാരായതിന്റെയും പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ പ്രകടിപ്പിക്കാൻ കഴിവു നേടിയതിന്റെയും വിളംബരമായിരുന്നു. വർഷാവസാനം നടത്തിയ പഠനോത്സവം. ഭാഷാശേഷികളിൽ ഉണ്ടായ മികവ് നിലനിർത്തുന്നതിനു. കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതും അതിനുവേണ്ടിയാണ്.

## അവസ്ഥാ വിശകലനം

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസ്സ് A ഡിവിഷനിൽ 7 കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ പ്രീപ്രൈമറി അനുഭവം ഉള്ളവരാണ് ഈ 7 പേരും.

പ്രവേശന പ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ [illegible] 5 വയസ്സു 6 വയസ്സും തികഞ്ഞ കുട്ടികളാണ് ഒന്നാം ക്ലാസ്സിൽ ഉള്ളത്.

## മുൻവർഷത്തെ പ്രധാന നേട്ടങ്ങൾ CLASS I

* ഭാഷാപരമായ ശേഷികൾ എല്ലാവരും നേടി
* സ്വതന്ത്രവായന
* പിന്തുണ കുറച്ച് പേർക്ക് വേണ്ടിവന്നുള്ളൂ
* സംഖ്യാബോധം
* ഇംഗ്ലീഷിൽ reading card sentence reading എളുപ്പമായിരുന്നു കുട്ടികൾക്ക്

## നേരിട്ട പ്രശ്നങ്ങൾ

* ഭാഷയിൽ അക്ഷരങ്ങൾ ഉറപ്പിക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെട്ടു ചില കുട്ടികൾക്ക്
* വാക്യങ്ങൾ, വാക്കുകൾ എന്നിവ ഉറപ്പിക്കുന്നതിന് പിന്തുണ ആവശ്യമായിരുന്നു.
* ഗണിതത്തിൽ അക്കങ്ങൾ ഉറപ്പിക്കുന്നതിന് ചില കുട്ടികൾക്ക് പിന്തുണ ആവശ്യമായിരുന്നു.

## വാർഷിക ലക്ഷ്യങ്ങൾ (മലയാളം)

1. ചെറു സദസ്സിനു മുൻപിൽ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ ആവശ്യങ്ങൾ, കഥകൾ പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക
2. ഓരോ കുട്ടിയും ലഘു ബാലസാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക.
3. ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.

4. ഓരോ കുട്ടിയും സർഗ്ഗാത്മക രചന നടത്താനു-ള്ള കഴിവ് നേടുക.

## ജൂൺ മാസത്തെ പ്രധാന ലക്ഷ്യങ്ങൾ

1. പൂർണ്ണ പങ്കാളിത്തമുള്ള ക്ലാസ്സ് PTA ഉണ്ടാക്കുക
2. എല്ലാ കുട്ടികൾക്കും സ്വതന്ത്ര ഭാഷണത്തിന് അവസരം നൽകുക.
3. വായിച്ചു കേട്ട കഥ ക്ലാസ്സിൽ ആശയ ചോർച്ചയി-ല്ലാത്ത ഭാവാത്മകമായി എല്ലാ ദിവസവും ഉച്ചനേരം ക്ലാസ്സിൽ നടത്തുക.
4. എല്ലാ കുട്ടികൾക്കും പിന്തുണ ലഭിക്കുന്നതിനും അവർക്ക് തടസ്സമില്ലാത്ത നടുത്തള-ത്തിൽ വന്ന് അവതരണം നടത്താനും സഹായകമായ വിധത്തിൽ 1-10 ക്ലാസ്സ് ക്രമീകരിക്കുക.

## ജൂൺമാസ പ്രവർത്തനങ്ങൾ

1. പൂർണ്ണ പങ്കാളിത്ത ക്ലാസ്സ് PTA
2. വായനോത്സവവും കഥാവേളയും
3. ഒന്നൊരുക്കാം സന്നദ്ധതാപ്രവർത്തനങ്ങൾ
4. വായനകാർഡുകൾ
5. വിലയിരുത്തൽ

2025.

## പൂർണ്ണ പങ്കാളിത്ത ക്ലാസ്സ് PTA

ഒന്നാം ക്ലാസ്സിൽ രക്ഷിതാക്കളുടെ പിന്തുണ കിട്ടിയ കുട്ടികളാണ് സംയുക്തഡയറി വായനോത്സവം എന്നീ പ്രവർത്തനങ്ങൾ കൂടുതൽ നന്നായി ഏറ്റെടുത്തത്. പല രക്ഷിതാക്കൾക്കും അവർ പഠിച്ച കാലത്തെ ഒന്നാം ക്ലാസ്സ് സങ്കല്പമാണ് ഉള്ളത്. കുട്ടികളുടെ ഹാജരില്ലായ്മയും ഒരു പ്രശ്നമാണ്.

ക്ലാസ്സ് PTAയിൽ ഓരോ മാസത്തെ നേട്ടങ്ങൾ പരിഹരിക്കേണ്ട പ്രശ്നങ്ങൾ എന്നിവ അവതരിപ്പിക്കുക. ക്ലാസ്സിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ഉറപ്പാക്കുക. സംയുക്തഡയറി വായനോത്സവം തുടങ്ങിയ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ റോൾ ഉറപ്പുവരുത്തുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ LP വിഭാഗം

* ക്ലാസ്സ് :- 2A

2025-26 അധ്യയനവർഷത്തിൽ 2A ഡിവിഷനിൽ നാല് വിദ്യാർത്ഥികളും 2B ഡിവിഷനിൽ 6 വിദ്യാർത്ഥികളും പഠിക്കുന്നു. ഒന്നാം ക്ലാസ്സിൽ നിന്നും രണ്ടാം ക്ലാസ്സിലേക്ക് വന്ന മുഴുവൻ വിദ്യാർത്ഥികൾക്കും മികച്ച പഠനനിലവാരം ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിക്കുന്ന സമഗ്ര ഗുണമേന്മാ പദ്ധതി പ്രവർത്തനങ്ങൾ 2ാം ക്ലാസ് അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ തയ്യാറാക്കുന്നു.

## പ്രവർത്തന കലണ്ടർ

| പദ്ധതി | നിർവ്വഹണ കാലം |
|---|---|
| 1. മലയാള മധുരം → | ജൂൺ - മാർച്ച് |
| 2. സംയുക്ത ഡയറി → | June - March |
| 3. റീഡേഴ്സ് തിയേറ്റർ → | July - March |
| 4. ക്ലാസ്സ് പത്രം → | ഓഗസ്റ്റ് മാസം മുതൽ മാസത്തിൽ ഒന്ന് വീതം. |
| 5. വായനോത്സവം, രചനോത്സവം → | June - March |
| 6. ഗണിത കേളികൾ → | June - March |

2. സംയുക്തഡയറി

ലക്ഷ്യങ്ങൾ

* സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
* സ്വതന്ത്ര രചന നടത്തുന്നതിന്.
* ഭാഷാശേഷി വികസിപ്പിക്കുന്നതിന്.

പ്രവർത്തനഘട്ടങ്ങൾ

SRG യിൽ മികച്ച ഡയറിയുടെ അവതരണം - June

CPTA യിൽ ഡയറി പരിചയപ്പെടുത്തൽ
രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ - July

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ
ബോധ്യപ്പെടുത്തൽ - september.

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തൽ - അതാത് മാസം.

കുട്ടികളുടെ ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു. - June to March

സംയുക്ത ഡയറി പ്രകാശനം - January

ചുമതല - ക്ലാസ് ടീച്ചർ, രക്ഷിതാവ്

3. റീഡേഴ്സ് തിയേറ്റർ

ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* പാഠപുസ്തകങ്ങളിലെയും ലഘുസാഹിത്യകൃതികളിലെ സംഭവങ്ങളെ റീഡേഴ്സ്തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.

2025/7/15

7* പരീക്ഷണങ്ങൾ — ഓരോ മാസവും ഒന്ന്

8* പലഹാരമേള — ഡിസംബർ

## പ്രവർത്തനങ്ങൾ

1. മലയാള മധുരം :-

ലക്ഷ്യങ്ങൾ :- *ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരമൊരുക്കുന്നു.

* സർഗശേഷി വികസനം
* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നു.
* ഭാവാത്മക വായന
* ചിത്രകഥാ നിർമ്മാണം

* പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ അവലോകനം – May അവസാനം.

CPTA യിൽ അവലോകനം – June ആദ്യവാരം.

കുട്ടിയും രക്ഷിതാവും ചേർന്ന – July
വായന ആരംഭിക്കുന്നു.

വായനോത്സവം – കുട്ടികളുടെ രചനകൾ
പുസ്തക പ്രകാശനം — ജനുവരി.

പ്രവർത്തനഘട്ടങ്ങൾ.

* റീഡേഴ്സ് തിയേറ്റർ SRG യിൽ ആശയം പങ്കിടൽ
* ക്ലാസ് PTA യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടൽ, പിന്തുണ ഉറപ്പുവരുത്തൽ.
* എല്ലാകുട്ടികളെയും പങ്കാളികളാക്കൽ. വിവിധ ക്ലാസ്സ് തല സഭകളിൽ അവതരിപ്പിക്കൽ.

ചുമതല :- Class Teacher, CPTA

സാമ്പത്തികം :- SSK, PTA

4. ക്ലാസ്സ് പത്രം.

ലക്ഷ്യങ്ങൾ :- ഭാഷാപ്രവർത്തനങ്ങൾ കൗതുകകരമായി അവതരിപ്പിക്കുന്നു.

* രചനാശേഷി പരിപോഷിപ്പിക്കുന്നു.
* സ്കൂൾ അനുഭവങ്ങൾ തെറ്റില്ലാതെ എഴുതാൻ കഴിവു നേടുന്നു.
* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവ് നേടുന്നു.

പ്രവർത്തനഘട്ടങ്ങൾ

ക്ലാസ് പത്രം ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം SRGയിൽ അവതരിപ്പിക്കുന്നു. [July]

CPTA യിൽ പദ്ധതി അവതരണം (July last week)

കണ്ടെത്തലുകൾ അവതരണം [July – March]

ക്ലാസ് പത്രം തയ്യാറാക്കൽ – പ്രദർശനം – അവതരണം.

ചുമതല – Class Teacher,

സാമ്പത്തികം – PTA.

5. രചനോത്സവം

ലക്ഷ്യങ്ങൾ :- * എല്ലാ കുട്ടികളും രചനാപ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.

* കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

പ്രവർത്തനഘട്ടങ്ങൾ

* SRG തല ചർച്ച
* CPTA പിന്തുണ ഉറപ്പാക്കൽ
* പ്രതിമാസ രചനോത്സവം June – march.

ചുമതല – class Teacher
സാമ്പത്തികം – PTA

6. വായനോത്സവം

ലക്ഷ്യങ്ങൾ :- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.

* കുട്ടികളിൽ വായനാശീലം വളർത്തുന്നു.
* ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.
* വായനാക്കുറിപ്പ് തയ്യാറാക്കുന്നു.

പ്രവർത്തനങ്ങൾ

* ഓരോ മാസവും വായനോത്സവം നടത്തുന്നു.
* അമ്മ വായന
* മാതൃകാവായന – അദ്ധ്യാപകർ July – march

ചുമതലകൾ – Class Teacher
– രക്ഷിതാവ്

സാമ്പത്തികം – CPTA.

2025/

7. ഗണിത കേളികൾ

ലക്ഷ്യങ്ങൾ :- കുട്ടികൾക്ക് ഗണിത കളികളിൽ
താൽപര്യം ഉണ്ടാകുന്നു.

* ഗണിതപഠനത്തിൽ താൽപര്യം.
* യുക്തിബോധം വളർത്തുന്നു.

പ്രവർത്തനങ്ങൾ :- വ്യത്യസ്തങ്ങളായ LP യ്ക്ക്
അനുയോജ്യങ്ങളായ ഗണിതകളികളിൽ
ഏർപ്പെടുന്നു.
സങ്കലനം, വ്യവകലനം, ഗുണനം, മനസ്സിലാക്കുന്നതിനായി വിവിധ ഗണിത
കേളികൾ സംഘടിപ്പിക്കുന്നു.
കാലാവധി – June - March
ചുമതലകൾ - class Teacher
സാമ്പത്തികം – CPTA.

8. പരീക്ഷണങ്ങൾ

ലക്ഷ്യങ്ങൾ :- ശാസ്ത്രപഠനം ആസ്വാദ്യകരമാകുന്നു.
പരീക്ഷണം, നിരീക്ഷണം സാധ്യതകൾ പ്രയോജന
പ്പെടുത്തുന്നു.
പാഠഭാഗത്തെ പരീക്ഷണ പ്രവർത്തനങ്ങൾ
സുഗമമായി നിർവ്വഹിക്കൽ

കാലയളവ് - June – march
ചുമതല – Class Teacher.

9. പലഹാരമേള

ലക്ഷ്യങ്ങൾ - പാഠ്യപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട
ആശയങ്ങൾ [വിവിധ തരം പലഹാരങ്ങൾ മനസ്സിലാക്കുന്നതിന്]
പാചകകുറിപ്പുകൾ തയ്യാറാക്കുന്നതിന്
പലഹാരമേള സംഘടിപ്പിക്കൽ
ചുമതല – CPTA, class Teacher.

# ക്ലാസ് - 3 മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെ അക്ഷര സ്ഫുടതയോടൊപ്പം അനായാസം വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപിക | |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | CPTA | |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപിക | |
| | അമ്മ വായന<br>അമ്മമാരുടെ വായനാ കുറിപ്പുകൾ CPTA യിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ. | CPTA | |
| | വായനാ കാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി നേടുന്നു.<br>അക്ഷരങ്ങൾ തെറ്റുകൂടാതെ എഴുതാനും രചനകൾ നടത്തുവാനുമുള്ള ശേഷി നേടുന്നു. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വ്യവഹാര രൂപങ്ങളിൽ രചന നടത്തുക | | | |
| | ജൂൺ 5 - പരിസ്ഥിതി ദിനം (പോസ്റ്റർ) | ജൂൺ | അധ്യാപിക. | |
| | ജൂൺ 19 - വായനാ ദിനം വായനവാരം | ജൂൺ | | |
| | ആഗസ്റ്റ് 6 - ഹിരോഷിമ ദിനം (പോസ്റ്റർ) | ആഗസ്റ്റ് | | |
| | ആഗസ്റ്റ് 9 - നാഗസാക്കി ദിനം | | | |

| | | | |
|---|---|---|---|
| | പോസ്റ്റർ | | |
| | ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം | ആഗസ്റ്റ് | |
| | സെപ്റ്റംബർ 5 - അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം | സെപ്റ്റംബർ | |
| | ഒക്ടോബർ 2 - ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ | ഒക്ടോബർ | |
| | ഒക്ടോബർ 10 - ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത് | ഒക്ടോബർ | |
| | നവംബർ 1 - കേരളപ്പിറവി (പ്രസംഗം) | നവംബർ | |
| | നവംബർ 14 - ശിശുദിനം (റാലി) (പോസ്റ്റർ) (ഫാൻസി ഡ്രസ്സ്) | | |
| | ഡിസംബർ-1 - ലോക എയ്ഡ്സ് ദിനം (ചിത്രരചന Poster) | ഡിസംബർ | |
| | ജനുവരി -26 - റിപ്പബ്ലിക്ക്ദിനം (പ്രസംഗം) | ജനുവരി | |
| | മാർച്ച് - പഠനോത്സവം | മാർച്ച് | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ വേദി- CPTA | അധ്യയന വർഷം മുഴുവൻ | CPTA. |

# ഗണിതം - 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | പ്രീടെസ്റ്റ്<br>ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, വൃത്തം, ത്രികോണം എന്നിവ നിർമ്മിക്കുന്നു. | ജൂൺ<br>ജൂൺ - ജൂലൈ | അധ്യാപിക<br>CPTA |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാചാർട്ടുകൾ<br>• നാണയങ്ങൾ, കളിനോട്ടുകൾ<br>• ചാർട്ടുകൾ (ഗണിത ക്ലബ്ബ്) | ആഗസ്റ്റ് | അധ്യാപിക |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപിക<br>കുട്ടികൾ |
| സങ്കലന - വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • മനക്കണക്കുകൾ<br>• നിത്യജീവിതവുമായ് ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ - നവംബർ | അധ്യാപിക<br>കുട്ടികൾ |
| ഗുണന വസ്തുതകൾ നേടൽ | • മന:കണക്കുകൾ<br>• ഉണ്ടാടിക്കളി | ഡിസംബർ - ജനുവരി | അധ്യാപിക<br>കുട്ടികൾ |
| ഹരണ ക്രിയയുമായ് ബന്ധപ്പെട്ട ശേഷികൾ നേടൽ | • നിത്യജീവിതവുമായ് ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ICT ഉപയോഗിച്ച് | ഫെബ്രുവരി - മാർച്ച് | |

# ENGLISH - 3

| AIMS | ACTIVITIES | DURATION | CHARGE |
|---|---|---|---|
| To study alphabets<br>To | * Pre-Test<br>* write simple words | June - July | Teacher, students |
| To study write and read simple words | circle the words from TB and read | August - september | Teacher, students |
| Create more opportunities for English speaking in the class room. | class room communication should be in English, like May I drink some water? May I Go to bathroom?<br>• Hello<br>• Hello, everyone<br>• Good morning<br>• Good afternoon everyone<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc. | Academic year. | Teacher, students, parents. |

# പരിസരപഠനം - 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ച |
|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | • ചെടികൾ നിരീക്ഷിക്കുന്നു<br>• പ്രകൃതി നടത്തം<br>• വിത്ത് മുളപ്പിക്കൽ<br>• വ്യത്യസ്തതരം സസ്യങ്ങൾ, പൂക്കൾ തിരിച്ചറിയുന്നു.<br>• പരിസ്ഥിതി ദിനാചരണം<br>• ഹരിതകാർഡ് നിർമ്മാണം | ജൂൺ | |
| പ്രകൃതി സംരക്ഷണം | • മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക, നിരീക്ഷിക്കുക<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മ സേനക്ക് കൈമാറൽ<br>• ജൈവവൈവിധ്യ ഉദ്യാനം നിർമ്മാണം. | ജൂലൈ | |

| | | | |
|---|---|---|---|
| | • മഴമാപിനി നിർമ്മാണം<br>• ജലസംരക്ഷണ Poster നിർമ്മാണം<br>• മണ്ണ് നിരീക്ഷണം പരീക്ഷണങ്ങൾ<br>• ആശയപടം തയ്യാറാക്കൽ | ആഗസ്റ്റ് | അധ്യാപിക, കുട്ടികൾ |
| ശുചിത്വബോധവത്-കരണം | • ശുചിത്വ Poster നിർമ്മാണം<br>• സ്കൂൾ ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ<br>• ആരോഗ്യബോധവത്കരണ സെമിനാർ<br>• Interview- ആരോഗ്യ പ്രവർത്തകർ | സെപ്തംബർ | അധ്യാപിക, PTA SRG |
| ശരിയായ ഭക്ഷണശീലം | - food fest<br>• എന്റെ ആരോഗ്യകാർഡ്<br>• BMI കാണുന്നു.<br>• സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>• ശരിയായ ഭക്ഷണശീലം Poster | october | |

| | | | |
|---|---|---|---|
| ആരോഗ്യ സംരക്ഷണം | • ആരോഗ്യ വിദഗ്ധരുമായി ക്ലാസ്<br>• റോൾപ്ലേ<br>• First aid box തയ്യാറാക്കൽ<br>• സ്വയം സുരക്ഷ - പത്ര cuttings ചർച്ച<br>ബോധവത്കരണം | November | |
| ദേശീയബോധം | • പരീക്ഷണ/നിരീക്ഷണം ICT, globe<br>• ദേശീയ പതാക വരയ്ക്കൽ<br>• ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>• ഭൂപട വായന<br>• എന്റെ കേരളം - ചിത്രരചന കുറിപ്പ്, ചോദ്യോത്തരപ്പയറ്റ്.<br>• stellarium. | ഡിസംബർ | |
| വാസസ്ഥലം | • ജീവികളുടെ കൂടുകൾ - ചിത്രശേഖരണം<br>• വീട് നിർമ്മാണം (Album)<br>• വ്യത്യസ്ത തരം ജോലികൾ<br>• Interview field visit.<br>• [illegible] | ജനുവരി - ഫെബ്രുവരി<br>മാർച്ച് | |

STD - IV

## മധുരം മലയാളം

**പ്രവർത്തന ലക്ഷ്യം :-**

→ ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ.

→ സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.

→ ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.

→ ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ :-**

→ ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ.

→ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ.

**കാലം :-**

→ ലക്ഷ്യം നേടുന്നത് വരെ

**ചുമതല :-**

→ SRG

→ ക്ലാസ്സ് ടീച്ചർ

**സാമ്പത്തികം :-**

PTA ഫണ്ട്.

## വായിക്കാം വളരാം:

**ലക്ഷ്യം:-**

വായനാ ശേഷി വളർത്തൽ

**പ്രവർത്തനം:-**

→ ക്ലാസ് വായന കൂട്ടം
→ ക്ലാസ് ലൈബ്രറി ഒരുക്കൽ
→ പുസ്തക പരിചയം വായനാ കുറിപ്പ്
→ ആസ്വാദന കുറിപ്പ്.
→ പുസ്തക സംവാദം
→ അനുകാലിക വായന.

**കാലം:-**

വർഷം മുഴുവൻ.

**ചുമതല:-**

HM
SRG
Class Teacher.
CPTA.

**സാമ്പത്തികം:**

PTA ഫണ്ട്.

2025 7 15 14:2

എഴുതാം തെളിയാം :

ലക്ഷ്യം :

എഴുത്ത് പരിപോഷിപ്പിക്കൽ

പ്രവർത്തനം :-

പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ.

കാലം :

പ്രതിമാസം (വർഷം മുഴുവൻ)

ചുമതല :

SRG

Class Teacher.

സാമ്പത്തികം :-

PTA ഫണ്ട്

എഴുത്തുകാരുമായി സംവദിക്കൽ :-

ലക്ഷ്യം :-

ലേഖനശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരന്മാരെ അടുത്തറിയൽ

പ്രവർത്തനം :-

സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ.

കാലം :-

ആവശ്യാനുസരണം

ചുമതല :- Class Teacher

സാമ്പത്തികം :- PTA

2025/7/15

എഴുത്തുകാരുമായി സംവദിക്കൽ

ലക്ഷ്യം:-

ലേഖനശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരന്മാരെ അടുത്തറിയൽ.

പ്രവർത്തനം:-

സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ.

കാലം:

ആവശ്യാനുസരണം.

ചുമതല:

Class Teacher.

സാമ്പത്തികം:

PTA ഫണ്ട്

കണ്ടറിയാം... കേട്ടറിയാം...

ലക്ഷ്യം:

അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT)

പ്രവർത്തനം:-

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ.

കാലം:

ആവശ്യാനുസരണം

ചുമതല: Class Teacher

സാമ്പത്തികം: PTA

രുചിച്ചറിയാം:

ലക്ഷ്യം:

നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ

പ്രവർത്തനം:

ഭക്ഷ്യമേള പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം.

ക്ലാസ്സിലൊരു സദ്യ.

കാലം: വർഷത്തിലൊന്ന്

ചുമതല: SRG, Class Teacher, PTA.

സാമ്പത്തികം: PTA ഫണ്ട്

ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)

ലക്ഷ്യം:

സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അടുത്തറിയൽ.

പ്രവർത്തനം:

ഓർമദിനങ്ങൾ ആചരിക്കൽ- ഡോക്യുമെന്ററി പ്രദർശനം.

പുസ്തക പരിചയം -

ക്വിസ്

ലഘു പ്രഭാഷണം

ജീവിതരേഖ തയ്യാറാക്കൽ

പതിപ്പ് നിർമ്മാണം.
പ്രദർശനം.

കാലം:
ആവശ്യാനുസരണം.

ചുമതല:
SRG, Class Teacher, PTA.

കലക്കൂട്ട്:

ലക്ഷ്യം:
പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ.

പ്രവർത്തനം:
പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം.

കാലം:
വർഷത്തിലൊന്ന്.

ചുമതല:
HM, SRG, Class Teacher, CPTA.

സാമ്പത്തികം:
PTA.

സർഗ്ഗോത്സവം:

ലക്ഷ്യം:

ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ.

പ്രവർത്തനം:

കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം

കാലം:

വർഷത്തിലൊരിക്കൽ.

ചുമതല:

HM, SRG, CPTA, Class Teacher.

സാമ്പത്തികം:

PTA.

2025 7 15 14:23

ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)

ലക്ഷ്യം:

ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ.

പ്രവർത്തനം:

ആഴ്ചയിൽ ഒരു ദിവസം അസംബ്ലി ചേരൽ (ഇംഗ്ലീഷ് - അസംബ്ലി) .അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്.

കാലം:

വർഷം മുഴുവൻ.

ചുമതല:

Class Teacher.

സാമ്പത്തികം.

ഇംഗ്ലീഷ് ഡയറി.

ലക്ഷ്യം:

തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി.

പ്രവർത്തനം:

നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി

എഴുതൽ.

കാലം:

ആഴ്ചയിൽ 3 ദിവസം (വർഷം മുഴുവൻ)

ചുമതല:

ക്ലാസ് ടീച്ചർ

സാമ്പത്തികം:

ഇംഗ്ലീഷ് തിയേറ്റർ:

ലക്ഷ്യം:

സർഗാത്മക പരിപോഷണം.

പ്രവർത്തനം:

ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, story telling).

കാലം:

മാസത്തിലൊന്ന്.

ചുമതല:

ക്ലാസ് ടീച്ചർ.

സാമ്പത്തികം:

SMC.

ഇംഗ്ലീഷ് മാഗസിൻ.

ലക്ഷ്യം:

സർഗാത്മകതാ രചനാശേഷി വികസനം.

പ്രവർത്തനം:

ഒരു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ.

കാലം:

മൂന്ന് മാസത്തിലൊരിക്കൽ.

ചുമതല:

HM, Class Teacher, SMC.

സാമ്പത്തികം:

SMC.

ഇംഗ്ലീഷ് കോർണർ:

ലക്ഷ്യം:

വായനാ പരിപോഷണം.

പ്രവർത്തനം.

കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ.

വായനാ വേദ ഒരുക്കൽ.

വായനാക്കുറിപ്പ്-

പുസ്തക പരിചയം.

## ഇംഗ്ലീഷ് കൈയെഴുത്ത്:

ലക്ഷ്യം:

ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്.

പ്രവർത്തനം:

സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളായി കത്തിടപാട്.

കാലം:

മാസത്തിലൊന്ന്

ചുമതല:

ക്ലാസ് ടീച്ചർ

സാമ്പത്തികം:

PTA.

കാലം:
രണ്ടാഴ്ചയിൽ ഒന്ന്.

ചുമതല:
Class Teacher.

സാമ്പത്തികം:
രക്ഷിതാക്കൾ.

ഇംഗ്ലീഷ് ഫെസ്റ്റ്:

ലക്ഷ്യം:
ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ.

പ്രവർത്തനം:
വായനാ മത്സരം
രചന മത്സരം.
മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം.

കാലം:
അവധിക്കാലം.

ചുമതല:
ക്ലാസ് ടീച്ചർ

സാമ്പത്തികം:

2025/7/15

പരിസരപഠനം.

പ്രകൃതി നടത്തം.

ലക്ഷ്യം:

നിരീക്ഷണം - അറിവു നിർമ്മാണം.

പ്രവർത്തനം:

പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ.

കാലയളവ്:

ആവശ്യാനുസരണം.

ചുമതല:

HM, CPTA

സാമ്പത്തികം:

PTA.

ശാസ്ത്രമേള:

ലക്ഷ്യം:

ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ.

പ്രവർത്തനം:

ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ.

പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ.

കാലയളവ്:

വർഷം മു[illegible]

ചുമതല:
HM, SRG, class Teacher.

സാമ്പത്തികം:
PTA, SSA.

ശാസ്ത്രയാത്ര:
ലക്ഷ്യം:
ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ
അന്വേഷണ ത്വര വളർത്തൽ.

പ്രവർത്തനം:
വാനനിരീക്ഷണ കേന്ദ്രം.
സയൻസ് പാർക്ക്
ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ
ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ.

കാലയളവ്:
ആവശ്യാനുസരണം.

ചുമതല:
HM, SRG, CPTA, class Teacher.

സാമ്പത്തികം:
PTA, രക്ഷിതാക്കൾ.

2025/7/15

ഭൂപടമൊരുക്കാം:

ലക്ഷ്യം:

കേരളം - ഇന്ത്യ ഭൂപട വായന - സൂചിക
പരിചയപ്പെടൽ.

പ്രവർത്തനം:

ഭൂപട വായന
ഭൂപട രചന
സൂചികാ നിർമ്മാണം.

കാലയളവ്:

വർഷത്തിലൊന്ന്.

ചുമതല:

SRG, ക്ലാസ് ടീച്ചർ

സാമ്പത്തികം:

PTA.

ശാസ്ത്രവിസ്മയ ചുമർ:

ലക്ഷ്യം:

ശാസ്ത്രപഠനം രസകരമാക്കൽ.

പ്രവർത്തനം:

ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ
ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ.

കാലയളവ്:

ആവശ്യാനുസരണം.

2025/7/15

ചുമതല:
SRG, ക്ലാസ് ടീച്ചർ.

ശാസ്ത്രോത്സവം:

ലക്ഷ്യം:
ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ
പ്രയോഗം:

പ്രവർത്തനം:
പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകര-
ണം, പരീക്ഷണം - ഇവയുടെ പ്രദർശനം. വ്യ

കാലയളവ്:
വർഷത്തിലൊരിക്കൽ.

ചുമതല:
HM, SRG, ക്ലാസ് ടീച്ചർ.

സാമ്പത്തികം:
PTA.

ശാസ്ത്രമാസിക:

ലക്ഷ്യം:
ശാസ്ത്രപഠനത്തിലൂടെ അറിവുകളുടെ രചന

പ്രവർത്തനം:
ശാസ്ത്ര മാസികകളുടെ നിർമ്മാണം.

കാലയളവ്:
വർഷത്തിലൊന്ന്.

ചുമതല:
HM, SRG, ക്ലാസ് ടീച്ചർ.

സാമ്പത്തികം:
PTA.

2025/7/15

# ഗണിതം

## കളിക്കാം.. ഗണിക്കാം.

ലക്ഷ്യം :

ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ).

പ്രവർത്തനം:

വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ

മൂല്യനിർണ്ണയം (ഏണിയും പാമ്പും, ഡയസ് കളി)

സങ്കലനം - വ്യവകലനം (ചെപ്പവട കളി)

കാലയളവ്:

വർഷം മുഴുവൻ.

ചുമതല:

SRG, ക്ലാസ് ടീച്ചർ.

സാമ്പത്തികം:

## ഒറിഗാമിയിലൂടെ പഠിക്കാം..

ലക്ഷ്യം:

ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ [illegible]
ചലനശേഷി വികാസം.

പ്രവർത്തനം:

ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം.

കാലയളവ്:

വർഷത്തിലൊരിക്കൽ ഉചിതമായ സമയത്ത്

ചുമതല:

ക്ലാസ് ടീച്ചർ

സാമ്പത്തികം:

PTA.

ഗണിതലാബ്:

ലക്ഷ്യം.

ഗണിതപഠനം രസകരമാക്കൽ - സുതാര്യമാക്കൽ.

പ്രവർത്തനം.

ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ.

കാലയളവ്:

വർഷം മുഴുവൻ

ചുമതല:

HM, SRG, ക്ലാസ് ടീച്ചർ

സാമ്പത്തികം:

PTA.

ഗണിതച്ചുമർ:

ലക്ഷ്യം:

ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരി-
ച്ചറിയൽ.

പ്രവർത്തനം:

ഗണിതച്ചുമർ ഒരുക്കൽ - ഉപയോഗപ്പെടു-
ത്തൽ.

കാലയളവ്:

വർഷം മുഴുവൻ.

ചുമതല:

ക്ലാസ് ടീച്ചർ

സാമ്പത്തികം:

PTA.

ഗണിത പഠനോപകരണ ശില്പശാല:

ലക്ഷ്യം:

പഠനോപകരണങ്ങളിലൂടെ ഗണിതപഠനം
രസകരമാക്കാം.

പ്രവർത്തനം:

ഭാഗവുമായി ബന്ധപ്പെട്ട പഠനോപക-
രണങ്ങളുടെ നിർമ്മാണം - പ്രദർശനം.

കാലയളവ്:

ആവശ്യാനുസരണം

ഗണിതമേള:

ലക്ഷ്യം:

ഗണിത ശേഷികളുടെ പ്രകടനം.

പ്രവർത്തനം:

പ്രശ്നോത്തരി

പസിൽ

പാറ്റേൺ

പഠന ഉല്പന്നങ്ങളുടെ പ്രദർശനം.

കാലയളവ്:

വർഷത്തിലൊന്ന്

ചുമതല:

SRG, ക്ലാസ് ടീച്ചർ

സാമ്പത്തികം:

PTA.

2025/7/1